**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മിഷൻ വാത്സല്യ - 2022-23 സാമ്പത്തിക വർഷം ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് അനുവദിക്കുവാൻ ശേഷിക്കുന്ന തുക നല്കുന്നതിലേക്കായി നടപ്പ സാമ്പത്തിക വർഷം 2,27,400/-രൂപ (രണ്ടു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാനൂറു രൂപ) വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.285/2025/WCDD തീയതി,തിരുവനന്തപുരം, 19-06-2025

പരാമർശം:-
1. സ.ഉ.(സാധാ)നം 88/2024 തീയതി 4.03.2024
2. സ.ഉ.(സാധാ)നം 472/2024 തീയതി 30.12.2024
3. വനിത ശിശു വികസന ഡയറക്ടറുടെ 12-05-2025 തീയതിയിലെ DWCD/3449/2023-ICPS 2 നമ്പർ കത്ത്

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ.ചിൽഡ്രൻസ് ഹോമുകളിലെ ആൺകുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സംസ്ഥാന തലത്തിൽ ക്രിക്കറ്റ് ടൂർണമെന്റ് ,പെൺകുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സംസ്ഥാന തലത്തിൽ ചെസ്സ് ,ബാഡ്മിന്റൺ ,വോളീബോൾ ,കബഡി എന്നീ മത്സരങ്ങൾ 2022 ജനുവരി 3-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സംഘാടകരായ ലോർഡ്സ് ക്രിക്കറ്റ് ക്ലബ് സമർപ്പിച്ച utilization certificate, expenditure statement എന്നിവയുടെ അടിസ്ഥാനത്തിൽ അനുവദിക്കാനുള്ള ബാക്കി തുകയായ 2,27,400/-രൂപ 2023-2024 സാമ്പത്തിക വർഷത്തെ 2235-02-102-36 (01) -(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1 )പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ട്രഷറി നിയന്ത്രണങ്ങൾ കാരണം ടി തുക 2023-2024 സാമ്പത്തിക വർഷം മാറി നൽകുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തെ 2235-02-102- 36(01) (P) ൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും plan prioritization കാരണം 2024-25 സാമ്പത്തിക വർഷവും തുക മാറി നൽകാൻ സാധിച്ചിരുന്നില്ല. ഗവ. ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്കായി 2022 ജനുവരി 3-ന് വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ച വകയിൽ അനുവദിക്കാൻ ശേഷിക്കുന്ന തുകയായ 2,27,400/-രൂപ നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-36(01) (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട് .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്കായി 2022 ജനുവരി 3-ന് വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ച വകയിൽ സംഘാടകർക്കു അനുവദിക്കാൻ ശേഷിക്കുന്ന തുകയായ

2,27,400/-രൂപ((രണ്ടു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാന്നൂറു രൂപ) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-36(01) (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 19-06-2025 13:13:31